കണ്ണൂർ ജില്ലയിലെ വോൾട്ടേജ് ക്ഷാമം

115 (283) ശ്രീ. എം. വി ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ എന്തൊക്കെ പ്രവർത്തികൾ നടന്നു വരുന്നുണ്ടെന്നും അവ എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ ;

(സി) നിലവിലുള്ള ലോഡ്ഷെഡ്ഡിംഗിനു മുൻപും പിൻപും കറണ്ട് കട്ട് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇങ്ങനെ സംഭവിക്കുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷനുകളും പ്രസരണ ലൈനുകളും നിർമ്മിക്കുന്നുണ്ട്. കൂടാതെ, നിലവിലുള്ള ഏതാനും സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനുള്ള പണികളും നടന്നു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡിസ്ട്രിബ്യൂഷൻ മേഖലയിൽ 655 ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. 120.225 കി.മീ., 11 കെ.വി.ലൈനും, 17.061 കി.മീ. ത്രീഫേസ് ലൈനും വലിച്ചിട്ടുണ്ട്. നിലവിലുള്ള 152.748കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കിയിട്ടുണ്ട്. 151 ട്രാൻസ്ഫോമറുകൾ പുതുതായി സ്ഥാപിക്കുകയും 201 ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അഴീക്കോട് 110 കെ.വി. സബ് സ്റ്റേഷൻ, ഏഴിമല 110 കെ.വി.സബ് സ്റ്റേഷൻ എന്നിവ 1999-2000-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പിണറായി 110 കെ.വി.സബ് സ്റ്റേഷന്റെ നിർമ്മാണം സ്ഥലം കൈവശം ലഭിച്ചാലുടൻ ആരംഭിക്കുന്നതാണ്. പുതിയതെരു, തോട്ടട, പഴശ്ശി, പുത്തൂർ, തോലാംപ്ര, പയ്യന്നൂർ ടൗൺ, പരിയാരം, നാടുകാണി, അലത്തോട്, കുറ്റിയാട്ടൂർ എന്നീ സ്ഥലങ്ങളിൽ 33 കെ.വി.സബ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള സബ് സ്റ്റേഷനുകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി പാനൂർ, തളിപ്പറമ്പ്, മുണ്ടയാട്, കാഞ്ഞിരോട്, പയ്യന്നൂർ എന്നീ സബ് സ്റ്റേഷനുകളിൽ 10 എം.വി.എ.യുടെ 110 കെ.വി. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നുണ്ട്. പാനൂർ, തളിപ്പറമ്പ് സബ് സ്റ്റേഷനുകളിലെ പണി 1999-2000ൽ തീർക്കാനും മുണ്ടയാട്, കാഞ്ഞിരോട് സബ് സ്റ്റേഷനുകളിലെ പണി തുടങ്ങിയ ദിവസം മുതൽ ആറു മാസത്തിനുള്ളിലും തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ലോഡ് ഷെഡ്ഡിംഗ് കൂടാതെ മറ്റൊരു കറന്റ് കട്ട് നടത്താറില്ല. എന്നാൽ അവിചാരിതമായി വരുന്ന അറ്റകുറ്റപ്പണികൾ മൂലവും ജനറേറ്ററുകളുടെയും ലൈനുകളുടെയും ട്രിപ്പിംഗ് മൂലവും ഭാഗികമായി വൈദ്യുതി വിതരണം ചിലയിടങ്ങളിൽ തടസ്സപ്പെടാറുണ്ട്. അറ്റകുറ്റപ്പണികൾക്കു ശേഷം പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി വിതരണം പുന:സ്ഥാപിക്കാറുണ്ട്.

കടയ്ക്കൽ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

116 (284) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പഞ്ചായത്തിൽ കൊടിത്തം, കാരയ്ക്കാട് പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇത് എന്നത്തേയ്ക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൊടിത്തം പ്രദേശത്ത് 100 കെ.വി.എ യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ നടന്നു വരികയാണ്. ഈ ജോലി 2000-മാണ്ട് മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം

117 (285) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രവർത്തി സംബന്ധിച്ച് വൈദ്യുതി ബോർഡ് തടസം ഉന്നയിക്കാൻ കാരണം എന്താണ് ;

(സി) വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങളിൻമേൽ ബഹു:ഹൈക്കോടതി എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതി കാലവിളംബം ഇല്ലാതെ പൂർത്തിയാക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി ഇപ്പോൾ 15% പ്രവർത്തികൾ പൂർത്തിയാക്കി. പണികൾ നിർത്തിവച്ച സ്ഥിതിയിൽ നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly